**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1187** **12-06-2024 - ൽ മറുപടിയ്ക്ക്**

**പുനലൂർ ശ്രീരാമപുരം, അഞ്ചൽ മാർക്കറ്റുകളുടെ ടെൻഡർ നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ പി എസ് സുപാൽ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പുനലൂർ നിയോജകമണ്ഡലത്തിൽ നിലവിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുവാൻ അനുവാദം ലഭിച്ചിട്ടുള്ള പുനലൂർ ശ്രീരാമപുരം ആധുനിക മത്സ്യ മാർക്കറ്റ്, അഞ്ചൽ ആധുനിക മത്സ്യ മാർക്കറ്റ് എന്നിവയുടെ ടെൻഡർ നടപടികൾ പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ തടസ്സങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; അവ പരിഹരിക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് അറിയിക്കുമോ; | (എ) | പുനലൂർ നിയോജകമണ്ഡലത്തിൽ നിലവിൽ കിഫ്ബി ഫണ്ട് ഉപയോഗിച്ച് പുനലൂർ മത്സ്യ മാർക്കറ്റ് നവീകരണത്തിന് 642.00 ലക്ഷം രൂപയുടെ പുതുക്കിയ ഫണ്ടിംഗ് അനുമതി 08.02.2022 ൽ ലഭ്യമായിട്ടുണ്ട്. സിവിൽ, ഇലക്ട്രിക്കൽ, ഫയർഫൈറ്റിംഗ് വർക്ക്സ് എന്നിവ ഉൾപ്പെടെ പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നൽകി കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയിൽ നിന്നും അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്.<br><br>അഞ്ചൽ മത്സ്യ മാർക്കറ്റ് നവീകരണത്തിന് 472.00 ലക്ഷം രൂപയുടെ പുതുക്കിയ ഫണ്ടിംഗ് അനുമതി 08.02.2022 ൽ ലഭ്യമായിട്ടുണ്ട്. ആയതനുസരിച്ച് ഈ പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകി കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയിൽ നിന്നും അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ; നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തിയാക്കാനാകുമെന്ന് വിശദമാക്കാമോ? | (ബി) | പദ്ധതികൾക്ക് സാങ്കേതികാനുമതി നൽകി Package file കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കിഫ്ബിയിൽ നിന്നും അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ സ്വീകരിച്ച് 18 മാസം കൊണ്ട് നിർമ്മാണ പ്രവൃത്തികൾ പൂർത്തീകരിക്കാൻ കഴിയുമെന്നാണ് കരുതുന്നത്. |

സെക്ഷൻ ഓഫീസർ